ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ളോറികൾച്ചറിസ്റ്റ് എന്ന സംഘടനക്കെതിരെ അന്വേഷണം

23 [1740] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ളോറികൾച്ചറിസ്റ്റ് എന്ന സംഘടന 1993-നും 2001-നും ഇടയിൽ പുഷ്പ കൃഷിക്കായി സർക്കാരിൽ നിന്നും പണം കൈപ്പറ്റിയതുമായി ബന്ധപ്പെട്ട ഏതെങ്കിലും അന്വേഷണം ധനകാര്യ വകുപ്പ് നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) അന്വേഷണത്തിന്റെ അനന്തരനടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് നേരിട്ട് അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ കൃഷി ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ ഇതു സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ട്.

(ബി) 1997-ൽ 20 ലക്ഷം രൂപ കൃഷിവകുപ്പ് ഈ സംഘടനയ്ക്ക് നൽകിയിരുന്നു. ഇതിന്റെ ധനവിനിയോഗ കണക്കും സാക്ഷ്യപത്രവും സർവ്വേ റിപ്പോർട്ടും നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഫെഡറേഷൻ കൃഷി വകുപ്പിന് നൽകിയിരുന്നില്ല. ഇതിനെ തുടർന്ന് കൃഷി ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ 24-11-2003-ൽ ഈ സംഘടനയുടെ ഓഫീസിൽ പരിശോധന നടത്തുകയും മാർക്കറ്റ് സർവ്വേയ്ക്കുവേണ്ടി അനുവദിച്ച 20 ലക്ഷം രൂപയിൽ 2002-2003 കാലയളവുവരെ 2,69,096 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളുയെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. വിനിയോഗിക്കാത്ത തുക തിരിച്ചടയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(സി) ചെലവാക്കാത്ത തുക തിരിച്ചടയ്ക്കണമെന്ന നിർദ്ദേശം പാലിക്കാത്തതിനെ തുടർന്ന് അനന്തര നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly